മൽസരിക്കേണ്ടിവരുന്നത്. അതുകൊണ്ട് വെളിച്ചെണ്ണ ഫലപ്രദമാണെന്ന് കണ്ട നിലയ്ക്ക് ബഹുമാനപ്പെട്ട മന്ത്രി തന്നെ ഈ പരീക്ഷത്തിനുള്ള നേതൃത്വം ഏറ്റെടുക്കണം. മന്ത്രി ഉപയോഗിക്കുന്ന വാഹനത്തിൽ ഓയിലിന് പകരം വെളിച്ചെണ്ണ ഉപയോഗിക്കണം എന്നിട്ട് മന്ത്രിതന്നെ ആ വസ്തുത ബോദ്ധ്യപ്പെടുത്തണം. കേരളത്തിലെ മുഴുവൻ കൃഷിക്കാർക്കും പ്രയോജനം ലഭിക്കുന്ന ഒന്നാണ്. ഏതായാലും ആറുമാസത്തിലധികമായി കേരളത്തിലെ കുറെ കൃഷിക്കാർ ഒറ്റപ്പെട്ട പരീക്ഷണം നടത്തി അവർക്ക് പ്രതീക്ഷയുണ്ടാകത്തക്ക വിധത്തിൽ, കുറെ ഡ്രൈവർമാർ നടത്തിയിട്ടുള്ള പരീക്ഷണം ഗവൺമെന്റ് ഏറ്റെടുക്കുകയും വെളിച്ചെണ്ണയുപയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. അത് പ്രോത്സാഹിപ്പിക്കാൻ മുൻകൈയെടുക്കണമെന്ന് വിനയപൂർവ്വം കൃഷി വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ബാലൻ വൈദ്യർ ഇവിടെ ഉന്നയിച്ച വിഷയത്തെ സംബന്ധിച്ച് പത്രങ്ങളിൽ അദ്ദേഹം വായിച്ചതു പോലെതന്നെ ആ വാർത്ത ഞാനും വായിക്കുകയുണ്ടായി. പെട്രോളിനോടൊപ്പം കലർത്തുന്ന ഓയിലിനു പകരം വെളിച്ചെണ്ണ വിജയകരമായി ഉപയോഗിക്കാൻ കഴിയുമെന്നാണ് ആ വാർത്തകളുടെ ഉള്ളടക്കം. ചില ആട്ടോറിക്ഷാ ഡ്രൈവർമാർ ഓയിലിന് പകരം വെളിച്ചെണ്ണ ഉപയോഗിച്ചപ്പോൾ കൂടുതൽ കിലോമീറ്റർ ലഭിക്കുകയും അതുപോലെതന്നെ പുകയില്ലാത്ത ഒരു സ്ഥിതിവിശേഷമുണ്ടാകുകയും ചെയ്തുവെന്നാണ് പത്രവാർത്തയിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞത്. പത്രവാർത്ത മനസ്സിലാക്കിയതിനെത്തുടർന്ന് ഗവൺമെന്റ് കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള താനൂരിലെ കേളപ്പജി കാർഷിക എഞ്ചിനീയറിംഗ് കോളേജിനോടും തിരുവനന്തപുരത്തെ റീജിയണൽ റിസർച്ച് ലബോറട്ടറിയോടും ഇതിനെ സംബന്ധിച്ച് പരീക്ഷണങ്ങൾ നടത്തി അടിയന്തിരമായി അതിന്റെ റിപ്പോർട്ട് തരാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ആ രണ്ട് സ്ഥാപനങ്ങൾക്കും ഇത് പരീക്ഷണം നടത്തുന്നതിനു സാമ്പത്തികമായ സഹായം ആവശ്യമുണ്ടെങ്കിൽ സംസ്ഥാന ഗവൺമെന്റ് നൽകാൻ തയ്യാറാണ്. റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ, വെളിച്ചെണ്ണ ഇതിനു വിജയകരമായി ഉപയോഗിക്കാൻ കഴിയുമെന്നാണ് പരീക്ഷണത്തിന്റെ റിസൽറ്റെങ്കിൽ തീർച്ചയായും ഗവൺമെന്റ് ഇതിന് മുൻഗണന കൊടുക്കുകയും ശുദ്ധീകരിച്ച വെളിച്ചെണ്ണ പെട്രോളിൽ ചേർക്കാനുള്ള ഓയിൽ എന്ന നിലയ്ക്ക് വിതരണം ചെയ്യാനുള്ള സംവിധാനത്തിന് ഗവൺമെന്റ് രൂപം നൽകുകയും ചെയ്യും. വിജയകരമെന്ന് അനുഭവപ്പെട്ടു കഴിഞ്ഞാൽ വെളിച്ചെണ്ണയ്ക്ക് കുറച്ചുകൂടി ഉയർന്ന വില കിട്ടാനും തെങ്ങ് കൃഷിക്കാരെ സഹായിക്കാനും കഴിയുന്ന ഒന്നാണ്. കാറിന് ഇത് ഉപയോഗിക്കാൻ കഴിയുമോ എന്നറിയില്ല., അതുകൊണ്ട് ഈ കാര്യത്തിൽ ഗവൺമെന്റ് താല്പര്യമെടുക്കും.

(7) മരങ്ങാട്ടുപള്ളി, കടപ്ലാമറ്റം പഞ്ചായത്തുകളിലുണ്ടായ ചുഴലിക്കാറ്റിൽ കൃഷി നശിച്ചവർക്ക് നഷ്ട പരിഹാരം

ശ്രീ. കെ. എം. മാണി : സർ, കഴിഞ്ഞ വർഷം 7-ാം തീയതി മരങ്ങാട്ടുപള്ളി, കടപ്ലാമറ്റം പഞ്ചായത്തിലുണ്ടായ ചുഴലിക്കാറ്റിന്റെ ഫലമായി ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടമുണ്ടായി. ബഹുമാനപ്പെട്ട മന്ത്രിതന്നെ ആ പ്രദേശം നേരിട്ടുകണ്ട് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ഒരു പൈസപോലും ഇതുവരെയായി

LIBRARY ARCHIVES Kerala Legislative Assembly

കിട്ടിയിട്ടില്ല. അതുപോലെ തന്നെ 12-12-2000-നും 7-1-2001-നും ശക്തമായ ഭൂചലനം പാലായിലുണ്ടായി. മൂന്ന് മന്ത്രിമാർ അവിടം സന്ദർശിച്ചു. ഇതുവരേയും ഒരു പൈസപോലും നഷ്ടപരിഹാരം ലഭിച്ചിട്ടില്ല. കൃഷിനാശമുണ്ടായ കാര്യത്തിൽ ഉടനെ തന്നെ എത്രയും വേഗം നഷ്ടപരിഹാരം എത്തിക്കണം ഭൂചലനമുണ്ടാകുന്ന കാര്യത്തെക്കുറിച്ച് ശ്രദ്ധപതിപ്പിക്കണമെന്നും ആവശ്യപ്പെടുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ കഴിഞ്ഞ വർഷം ജൂൺ 7-ാം തീയതി മരങ്ങാട്ടുപള്ളി, കടപ്ലാമറ്റം പഞ്ചായത്തുകളിൽ കൃഷിനാശമുണ്ടായപ്പോൾ കൃഷി വകുപ്പിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ നേരിട്ട് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി. ഞാനും അവിടെ ചെന്നിരുന്നു. മരങ്ങാട്ടുപള്ളി പഞ്ചായത്തിൽ 5,64,639 രൂപയുടെ നാശനഷ്ടവും കടപ്ലാമറ്റം പഞ്ചായത്തിൽ 3,92,130 രൂപയുടെ നഷ്ടവുമാണ് ഉണ്ടായിട്ടുള്ളത്. മൊത്തം 9,56,769 രൂപയുടെ നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. അവിടെ പ്രകൃതിക്ഷോഭം മൂലമുണ്ടായ വീടുകൾക്ക് നഷ്ടപരിഹാരം കൊടുത്തു കഴിഞ്ഞിട്ടുണ്ട്. കൃഷിനാശം സംഭവിച്ച ആളുകൾക്ക് റവന്യൂ വകുപ്പിൽ നിന്നാണ് നഷ്ടപരിഹാരം അനുവദിക്കേണ്ടത്. അത് അദ്ദേഹത്തിന് തന്നെയറിയാം. റവന്യൂ വകുപ്പിനോട് ഈ സംഖ്യ കൃഷിവകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്നലെ ജില്ലാ കളക്ടറുമായി സംസാരിച്ചിരുന്നു. കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം അടിയന്തിരമായി വിതരണം ചെയ്യും.

(8) മൂന്നാർ ടൗണിലെ ആറ്റുപുറമ്പോക്കിനു സമീപമുള്ള കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. എ. കെ. മണി : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട മൂന്നാർ ടൗൺ വളരെ പ്രശസ്തിപ്പെറ്റതാണ്. ഈ ടൗണിലെ കെട്ടിടങ്ങൾ ഇടിച്ചുമാറ്റാൻവേണ്ടി ബഹുമാനപ്പെട്ട ഹൈക്കോടതിയും ഗവൺമെന്റും ഉത്തരവ് നൽകിയിട്ടുണ്ട്. കുറെ കാലങ്ങൾക്കുമുമ്പ് തന്നെ മൂന്നാർ ടൗണിലെ കച്ചവടക്കാർ ഈ സ്ഥലം കമ്പനിയിൽ നിന്നും വിലക്ക് വാങ്ങിക്കുകയും കെട്ടിടംകെട്ടി കച്ചവടം ചെയ്യുകയും ചെയ്തു വരികയാണ്. താമസക്കാർ കൂടുതലുള്ള മൂന്നാർ ടൗണിൽ ഇങ്ങനെയൊരു ഉത്തരവ് കാരണം ജനങ്ങൾ വളരെ അധികം ഭയത്തിലാണ്. ഈ സ്ഥലം മുഴുവൻ റ്റാറ്റാ ടീ കമ്പനിക്കാരുടെ വകയാണ്. റ്റാറ്റാ ടീ കമ്പനിക്കാരുടെ സ്ഥലം കൈമാറ്റം ചെയ്യാനോ കച്ചവടം ചെയ്യാനോ ഉള്ള അധികാരം ഇല്ലെന്ന് പറഞ്ഞിട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുള്ളതും അതിനെത്തുടർന്നു 1999-ൽ ഗവൺമെന്റ് ഒരു നോട്ടിഫിക്കേഷൻ ഇറക്കിയിട്ടുള്ളതുമാണ്. അതുകൊണ്ട് ഈ സ്ഥലം റ്റാറ്റാ ടീ കമ്പനിയിൽ നിന്നും വിലയ്ക്ക് വാങ്ങിയിട്ടുള്ള ആളുകൾ കെട്ടിടം കെട്ടി താമസിക്കാനോ കച്ചവടം ചെയ്യാനോ വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. മുഴുവൻ സ്ഥലവും റ്റാറ്റാ കമ്പനിയുടെ വകയാണെന്ന് റ്റാറ്റാ കമ്പനി അവകാശപ്പെടുകയും റ്റാറ്റാ കമ്പനിയുടെ വക സ്ഥലമല്ല, അത് കൈമാറ്റം ചെയ്യാനോ വിൽക്കാനോ ഉള്ള അധികാരം റ്റാറ്റായ്ക്ക് ഇല്ലെന്നു പറയുകയും എന്നാൽ കൈവശാവകാശം ട്രാൻഫർ ചെയ്യാമെന്ന് ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly